## സ്പെഷ്യൽ റിക്രൂട്ട്മെന്റ് – ജില്ലാതലം
## കാറ്റഗറി നമ്പർ : 066/2022

താഴെപ്പറയുന്ന ഉദ്യോഗത്തിന് തിരഞ്ഞെടുക്കപ്പെടുന്നതിന് കേരള സംസ്ഥാനത്തിലെ **പട്ടികജാതി/പട്ടികവർഗ്ഗ**ത്തിൽപ്പെട്ട യോഗ്യതയുള്ള ഉദ്യോഗാർത്ഥികളിൽ നിന്നും അപേക്ഷകൾ ക്ഷണിക്കുന്നു. ഒറ്റത്തവണ രജിസ്ട്രേഷന് ശേഷം ഓൺലൈനായി കമ്മിഷന്റെ വെബ്സൈറ്റിലൂടെയാണ് അപേക്ഷ സമർപ്പിക്കേണ്ടത്. നിലവിൽ രജിസ്ട്രേഷൻ ഉള്ള ഉദ്യോഗാർത്ഥികൾക്ക് അവരുടെ പ്രൊഫൈലിലൂടെ അപേക്ഷിക്കാം.

| | | |
|---|---|---|
| 1 **വകുപ്പ്** | : | **വിവിധം** |
| 2 **ഉദ്യോഗപ്പേര്** | : | **ലാസ്റ്റ് ഗ്രേഡ് സർവ്വന്റ്സ് (സ്പെഷ്യൽ റിക്രൂട്ട്മെന്റ് – പട്ടികജാതി/ പട്ടികവർഗ്ഗക്കാരിൽ നിന്നും)** |
| 3 **ശമ്പളം** | : | ₹ 16500 –35700 (PR) |
| 4 **ഒഴിവുകളുടെ എണ്ണം** | : | ജില്ലാടിസ്ഥാനത്തിൽ<br>**കോട്ടയം – 04 (നാല്)**<br>**കാസർഗോഡ് – 02(രണ്ട്)** |

**കുറിപ്പ്:– (i)** ഈ വിജ്ഞാപനപ്രകാരമുള്ള തെരഞ്ഞെടുപ്പ് 04.06.2016–ലെ സ.ഉ നം.12/2016/P&ARD പ്രകാരം ഭേദഗതി ചെയ്ത ചട്ടങ്ങൾക്ക് വിധേയമായിരിക്കും.

**(ii)** ഈ ഒഴിവുകൾ ഇപ്പോൾ നിലവിലുള്ളതാണ്. ഈ വിജ്ഞാപനപ്രകാരം ഓരോ ജില്ലയ്ക്കും പ്രത്യേകം റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതാണ്. അപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ് പ്രാബല്യത്തിൽ വരുന്ന തീയതി മുതൽ ഏറ്റവും കുറഞ്ഞത് ഒരു വർഷവും ഏറ്റവും കൂടിയത് മൂന്നു വർഷവും നിലവിലിരിക്കുന്നതാണ്. എന്നാൽ ഒരു വർഷത്തിനുശേഷം ഇതേ ഉദ്യോഗത്തിന് ഒരു പുതിയ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കപ്പെടുകയാണെങ്കിൽ ആ തീയതി മുതൽ ഈ വിജ്ഞാപന പ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിന് പ്രാബല്യമുണ്ടായിരിക്കുന്നതല്ല. മുകളിൽ കാണിച്ചിട്ടുള്ള ഒഴിവിലേക്കും ലിസ്റ്റ് പ്രാബല്യത്തിലിരിക്കുന്ന സമയത്ത് സ്പെഷ്യൽ റിക്രൂട്ട്മെന്റിനുവേണ്ടി പട്ടികജാതി/ പട്ടികവർഗ്ഗക്കാർക്ക് മാത്രമായി എഴുതി അറിയിക്കപ്പെടുന്ന കൂടുതൽ ഒഴിവുകളിലേക്കും പ്രസ്തുത ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതാണ്. ഈ ലിസ്റ്റിൽ പട്ടികവർഗ്ഗക്കാർ ഉൾപ്പെടുന്നില്ലെങ്കിൽ മാത്രമേ അവർക്കായി മാത്രം സംവരണം ചെയ്തിട്ടുള്ള ഒഴിവുകളിലേക്ക് പ്രത്യേക വിജ്ഞാപനം പുറപ്പെടുവിക്കുകയുള്ളൂ. എന്നാൽ ഒരു റാങ്ക് ലിസ്റ്റ് നിലവിലിരിക്കുന്ന പരമാവധി 3 വർഷത്തിനുള്ളിൽ ആ ലിസ്റ്റിൽ നിന്നും ആരും നിയമനത്തിന് ശിപാർശ ചെയ്യപ്പെടുന്നില്ല എങ്കിൽ അങ്ങനെയുള്ള ലിസ്റ്റിന്റെ കാലാവധി ഒരു വർഷം കൂടിയോ ഒരാളെയെങ്കിലും നിയമനത്തിനായി തെരഞ്ഞെടുക്കപ്പെടുന്നത് വരെയോ ഏതാണ് ആദ്യം അതുവരെ ദീർഘിപ്പിക്കുന്നതാണ്.

(III) ഈ വിജ്ഞാപനപ്രകാരം ഈ തസ്തികയിലേയ്ക്ക് ഉദ്യോഗാർത്ഥികൾ മുകളിൽ ഒഴിവുകൾ രേഖപ്പെടുത്തിയിട്ടുള്ള ഏതെങ്കിലും ഒരു ജില്ലയിലേയ്ക്ക് മാത്രം അപേക്ഷ സമർപ്പിക്കേണ്ടതും, ജില്ലയുടെ പേര് അപേക്ഷയുടെ നിർദ്ദിഷ്ട കോളത്തിൽ രേഖപ്പെടുത്തേണ്ടതുമാണ്. ഇതിനു വിപരീതമായി ഒരു ഉദ്യോഗാർത്ഥി ഒന്നിൽക്കൂടുതൽ ജില്ലകളിൽ അപേക്ഷകൾ സമർപ്പിച്ചിട്ടുള്ളതായോ തൻ നിമിത്തം തെരഞ്ഞെടുക്കപ്പെടുവാൻ ഇടയായതായോ തെളിഞ്ഞാൽ പ്രസ്തുത അപേക്ഷകൾ നിരുപാധികം നിരസിക്കപ്പെടുന്നതും അവരുടെമേൽ അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതുമാണ്.

(IV) വകുപ്പ് മേധാവികളുടെ ഓഫീസിൽ ഉണ്ടാകുന്ന ഒഴിവുകളിലേയ്ക്കും (ഹെഡ് ക്വാർട്ടേഴ്സ് വേക്കൻസി) ജില്ലാടിസ്ഥാനത്തിൽ തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതാണ്. 27.05.1971 ലെ ഗവൺമെന്റ് ഉത്തരവ് (എം.എസ്)154/71/പി.ഡി യിലെ വ്യവസ്ഥ അനുസരിച്ച് ആസ്ഥാന ഒഴിവുകളിലേയ്ക്കുള്ള നിയമനം ജില്ലാടിസ്ഥാനത്തിൽ തിരുവനന്തപുരം ജില്ലയിൽ നിന്നും ആരംഭിക്കുന്നതാണ്. ഇപ്രകാരം നിയമിക്കപ്പെടുന്നതിന് പ്രത്യേക സമ്മതപത്രം നൽകേണ്ടതില്ല. ഇപ്രകാരം നിയമിക്കപ്പെടുന്ന ഉദ്യോഗാർത്ഥികൾക്ക് 28.09.2013-ലെ GO(P)27/13/PD യിലെ വ്യവസ്ഥകൾ ബാധകമായിരിക്കും.

(v) ഈ വിജ്ഞാപനപ്രകാരമുള്ള തിരഞ്ഞെടുപ്പ് ജില്ലാടിസ്ഥാനത്തിൽ 27.05.1971 ലെ ജി.ഒ(എം.എസ്) 154/71/പി.ഡി യിലെ പ്രത്യേക വ്യവസ്ഥതകൾക്ക് അനുസൃതമായി നടത്തുന്നതാണ്. ജില്ലാടിസ്ഥാനത്തിൽ തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റുകളിൽ നിന്ന് ഏതെങ്കിലും ഒരു ജില്ലയിലേയ്ക്ക് നിയമനം ലഭിക്കുന്ന വ്യക്തിയ്ക്ക് തുടർച്ചയായി സർവ്വീസ് ആരംഭിക്കുന്ന തീയതി മുതൽ അഞ്ചു വർഷക്കാലത്തിനിടയ്ക്ക് ആ ജില്ലയിൽ നിന്നും മറ്റൊരു ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുന്നതല്ല. അഞ്ചു വർഷത്തിനുശേഷം മറ്റേതെങ്കിലും ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുകയാണെങ്കിൽ ആ മാറ്റം 02.01.1961 ലെ ഗവൺമെന്റ് ഉത്തരവ് (എം.എസ്) 4/61/പി.ഡി വ്യവസ്ഥകൾക്ക് വിധേയമായിരിക്കുന്നതാണ്. ഇപ്പോൾ സർക്കാർ സർവ്വീസിൽ ഇതേ ഉദ്യോഗത്തിന് ഒരു ജില്ലയിൽ ഇരിക്കുന്നവർക്ക് ഇതേ ഉദ്യോഗത്തിന് മറ്റൊരു ജില്ലയിലേയ്ക്ക് അപേക്ഷിക്കുവാൻ പാടില്ല. എന്നാൽ അവർക്ക് ഇതിലും ഉയർന്ന ഉദ്യോഗത്തിന് അപേക്ഷിക്കാവുന്നതാണ്.

**5 നിയമനരീതി** : നേരിട്ടുള്ള നിയമനം (പട്ടികജാതി/ പട്ടികവർഗ്ഗക്കാരിൽ നിന്നു മാത്രം - സ്പെഷ്യൽ റിക്രൂട്ട്മെന്റ് ). പട്ടികജാതി/ പട്ടികവർഗ്ഗത്തിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്. അങ്ങനെയുള്ളവർക്ക് അപേക്ഷ നിരസിച്ചുകൊണ്ടുള്ള അറിയിപ്പ് പ്രത്യേകമായി നൽകുന്നതല്ല.

**6 പ്രായപരിധി** : 18-41, ഉദ്യോഗാർത്ഥികൾ 02.01.1981 നും 01.01.2004 നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ട് തീയതികളും ഉൾപ്പെടെ).

**<u>കുറിപ്പ്:</u>** നിശ്ചിത പ്രായപരിധിയിലുള്ള യോഗ്യരായ ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ ഉയർന്ന പ്രായപരിധിയിൽ 50 വയസ്സുവരെ ഇളവ് അനുവദിക്കുന്നതാണ്. എന്നാൽ യാതൊരു കാരണവശാലും 50 വയസ്സ് കവിയാൻ പാടില്ല

**7) യോഗ്യതകൾ :–**

**ഏഴാം ക്ലാസ്സ് പാസ്സായിരിക്കണം. എന്നാൽ യാതൊരുവിധ ബിരുദവും നേടിയിരിക്കുവാൻ പാടില്ല.**

<u>കുറിപ്പ് (I)</u> ഈ തസ്തികയ്ക്ക് നിശ്ചയിച്ചിട്ടുള്ള യോഗ്യതകൾ പ്രകാരം ഏതെങ്കിലും ബിരുദം (പ്രതിരോധ സേനയിലെ സേവനത്തിന്റെ അടിസ്ഥാനത്തിൽ ലഭിക്കുന്ന ബിരുദ സർട്ടിഫിക്കറ്റ് ഒഴികെ) നേടിയവർ അപേക്ഷിക്കാൻ പാടില്ല. ഇതിനു വിപരീതമായി ബിരുദം നേടിയിട്ടുള്ളത് മറച്ചുവച്ച് അപേക്ഷ സമർപ്പിച്ചിട്ടുള്ളതായോ തെരഞ്ഞെടുക്കപ്പെട്ടുവാൻ ഇടയായിട്ടുള്ളതായോ തെളിഞ്ഞാൽ പ്രസ്തുത അപേക്ഷകൾ നിരുപാധികം നിരസിക്കപ്പെടുന്നതും ടിയാളുടെ പേര് റാങ്ക് ലിസ്റ്റിൽ നിന്നും നീക്കം ചെയ്യുന്നതും അവർക്കെതിരെ തെരഞ്ഞെടുപ്പിലെ ഏത് ഘട്ടത്തിലും സർവ്വീസിൽ നിന്നും നീക്കം ചെയ്യുന്നതുൾപ്പെടെയുള്ള അച്ചടക്ക/ശിക്ഷാ നടപടികൾ സ്വീകരിക്കുന്നതുമാണ്. 19/04/2018 ലെ GO(P) No.05/2018/P & ARD പ്രകാരം എസ്.എസ്. എൽ സി യോ തത്തുല്യ യോഗ്യത നേടിയിട്ടുള്ളവരും 15 വർഷത്തിൽ കുറയാത്ത മിലിട്ടറി (കര/നാവിക/ വ്യോമസേന) സേവനമുള്ളവരുമായ വിമുക്തഭടന്മാർ ഇൻഡ്യൻ ആർമി സ്പെഷ്യൽ സർട്ടിഫിക്കറ്റ് ഓഫ് എഡ്യുക്കേഷൻ അല്ലെങ്കിൽ നാവിക/ വ്യോമ സേന നൽകുന്ന തദനുരൂപമായ സർട്ടിഫിക്കറ്റ് നേടിയിട്ടുള്ള പക്ഷം ആയത് LGS പോലുള്ള താഴ്ന്ന വിഭാഗം തസ്തികയിലേക്ക് പരിഗണിക്കുന്നതാണ്.

പ്രൊബേഷൻ : ടി തസ്തികയിലേക്ക് തെരഞ്ഞെടുക്കപ്പെടുന്ന ഉദ്യോഗർത്ഥികൾ തുടർച്ചയായ 3 വർഷത്തെ സർവ്വീസിനിടയ്ക്ക് ഒരു വർഷം പ്രൊബേഷനിലയിരിക്കും.

<u>(ii)</u> യോഗ്യത സംബന്ധിച്ച് KS & SSR Part II Rule 10 (a) II ഈ തസ്തികയ്ക്ക് ബാധകമാണ്.

(iii) താഴെപ്പറയുന്ന തസ്തികകൾക്ക് അടിസ്ഥാന യോഗ്യത കൂടാതെ നല്ല ശാരീരികാരോഗ്യം (Good Physique) കൂടി ആവശ്യമാണ്. നല്ല ശാരീരികാരോഗ്യം അധിക യോഗ്യതയായി നിർണ്ണയിച്ചിട്ടുള്ള തസ്തികകളിലെ ഒഴിവുകളിൽ മെഡിക്കൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ആവശ്യപ്പെടുമ്പോൾ ഹാജരാക്കുന്നവരെ മാത്രമേ പരിഗണിക്കുകയുള്ളൂ. (ഗവ.സർവ്വീസിൽ അസി.സർജനിൽ കുറയാത്ത റാങ്കുള്ള മെഡിക്കൽ ഓഫീസർ നൽകുന്ന മെഡിക്കൽ സർട്ടിഫിക്കറ്റ് ആയിരിക്കണം.)

1) മേട്രൻ, ബാല മന്ദിർ, കോഴിക്കോട്
2) സാമൂഹ്യ നീതി വകുപ്പിൻ കീഴിലുള്ള സാമൂഹ്യക്ഷേമ സ്ഥാപനങ്ങളിലെ വാച്ച് വുമൺ.
3) പബ്ലിക് വർക്സ് ഡിപ്പാർട്ട്മെന്റിലെ ക്ലീനർ, സീവർ ക്ലീനർ (Sewer Cleaner).
4) അച്ചടിവകുപ്പിലെ ഗേറ്റ് കീപ്പർ ഗ്രേഡ് II/ ലാസ്കർ ഗ്രേഡ് II

(iv) ലാസ്റ്റ് ഗ്രേഡ് തസ്തികയിലുള്ള വാച്ചർ, വാച്ച്മാൻ, നൈറ്റ് വാച്ചർ, മാർക്കർ

(മെഡിക്കൽ കോളേജുകളും, കോളീജിയറ്റ് എഡ്യൂക്കേഷൻ വകുപ്പും, സാങ്കേതിക വിദ്യാഭ്യാസ വകുപ്പും), റഗുലർ മാർക്കർ (മൃഗസംരക്ഷണ വകുപ്പ്), ചെയിൻമാൻ (ലാന്റ് റവന്യൂ ആന്റ് ടൗൺ പ്ലാനിംഗ്) , ലാസ്കർ ഗ്രേഡ് II / ഗേറ്റ് കീപ്പർ ഗ്രേഡ് II (അച്ചടി വകുപ്പ്) എന്നീ ഉദ്യോഗങ്ങൾക്ക് ഭിന്നശേഷിക്കാർ അർഹരല്ല.

(v) താഴെപ്പറയുന്ന ഉദ്യോഗങ്ങൾക്ക് സ്ത്രീകൾ അർഹരല്ല.

1) വാച്ച്മാൻ (എല്ലാ വിഭാഗങ്ങളിലുമുള്ളത്), വാച്ചർ
2) നൈറ്റ് വാച്ച്മാൻ
3) ഗാർഡ് / നൈറ്റ് ഗാർഡ്
4) ചൗക്കീദാർ
5) ക്ലീനർ കം കണ്ടക്ടർ
6) ക്ലീനർ (ബോട്ട് ക്ലീനർ, ട്രാക്ടർ ക്ലീനർ, വാൻ ക്ലീനർ, ആംബുലൻസ് ക്ലീനർ, ലോറി ക്ലീനർ)
7) ലാസ്കർ
8) ഗേറ്റ് കീപ്പർ
9) ബുൾ കീപ്പർ
10) അനിമൽ കീപ്പർ (ഡ്രഗ് സ് കൺട്രോൾ ഡിപ്പാർട്ട്മെന്റ്)

(vi) സാമൂഹ്യനീതി വകുപ്പിനു കീഴിലുള്ള ക്ഷേമ സ്ഥാപനങ്ങളിലേയ്ക്കുള്ള വാച്ച് വുമൺ തസ്തികയിലേയ്ക്ക് വനിതാ ഉദ്യോഗാർത്ഥികളെ മാത്രമേ പരിഗണിക്കുകയുള്ളൂ. വനിതാ ഉദ്യോഗാർത്ഥികൾക്കായി കണ്ടെത്തിയിട്ടുള്ള മറ്റ് തസ്തികകളിലേയ്ക്ക് വനിതാ ഉദ്യോഗാർത്ഥികളിൽ നിന്നും സമ്മതപത്രം വാങ്ങിയ ശേഷം നികത്തുന്നതാണ്.

(vii) ഹിന്ദു റിലീജിയസ് ആന്റ് ചാരിറ്റബിൾ എൻഡോവ്മെന്റ് വകുപ്പിലെ തസ്തികകളിൽ ഹിന്ദു മത വിശ്വാസികളെ മാത്രമേ നിയമിക്കുകയുള്ളൂ.

(viii) കേരള മുനിസിപ്പൽ കോമൺ സർവ്വീസിലെ എൽ.ജി.എസ് തസ്തികയുടെ ഒഴിവുകൾ ഈ വിജ്ഞാപനപ്രകാരം ഓരോ ജില്ലയിലേയ്ക്കും തയ്യാറാക്കുന്ന റാങ്ക്പട്ടികയിൽ ഉൾപ്പെടുന്ന  നിന്നും സമ്മതപത്രം വാങ്ങാതെ തന്നെ നികത്തുന്നതാണ്.

(ix) ലാസ്റ്റ് ഗ്രേഡ് തസ്തികയിലുള്ള എല്ലാ തസ്തികകൾക്കും വേണ്ടി പൊതുവായ ഒരു ലിസ്റ്റ് മാത്രമേ ഉണ്ടായിരിക്കുകയുള്ളൂ.

(x) വിജ്ഞാപന പ്രകാരമുള്ള യോഗ്യതകളുടെ തത്തുല്യ യോഗ്യത അവകാശപ്പെട്ട് അപേക്ഷ സമർപ്പിക്കുന്ന ഉദ്യോഗാർത്ഥികൾ ടി യോഗ്യതയുടെ തത്തുല്യത തെളിയിക്കുന്നതിനുള്ള സർക്കാർ ഉത്തരവ് സർട്ടിഫിക്കറ്റ് പരിശോധന സമയത്ത് ഹാജരാക്കിയാൽ മാത്രമേ പ്രസ്തുത യോഗ്യത തത്തുല്യമായി പരിഗണിക്കുകയുള്ളൂ.

(xi) ഉദ്യോഗാർത്ഥികളുടെ SSLC ബുക്കിലെ ജാതി സംബന്ധിച്ച രേഖപ്പെടുത്തലിൽ വ്യത്യാസം ഉണ്ടാകുന്ന സാഹചര്യത്തിൽ ഉദ്യോഗാർത്ഥികൾ ശരിയായ ജാതി അപേക്ഷയിൽ

അവകാശപ്പെടുകയും ആയത് തെളിയിക്കുന്നതിനുള്ള ബന്ധപ്പെട്ട റവന്യൂ അധികാരി നൽകുന്ന ജാതി സർട്ടിഫിക്കറ്റ്, ഇതു സംബന്ധിച്ച ഗസറ്റ് വിജ്ഞാപനം എന്നിവ വെരിഫിക്കേഷൻ സമയത്ത് ഹാജരാക്കുകയും ചെയ്യേണ്ടതാണ്.

(xii) വിദ്യാഭ്യാസം പരിചയം തുടങ്ങി യോഗ്യത സംബന്ധിച്ച് തെറ്റായ അവകാശവാദം ഉന്നയിച്ച് അപേക്ഷ നൽകിയ ശേഷം പരീക്ഷയ്ക്ക് Confirmation നൽകിയിട്ട് ഹാജരാകുകയോ യോഗ്യത ഉള്ള പക്ഷം confirmation നൽകിയിട്ടും ഹാജരാകാതിരിക്കുകയോ ചെയ്യുന്ന ഉദ്യോഗാർത്ഥികൾക്കെതിരെ PSC Rules of Procedure (1976) Rule 22 പ്രകാരം ഉചിതമായ ശിക്ഷാനടപടികൾ സ്വീകരിക്കുന്നതാണ്.

**8 അപേക്ഷ സമർപ്പിയ്ക്കേണ്ട രീതി :**

(എ) ഉദ്യോഗാർത്ഥികൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഔദ്യോഗിക വെബ് സൈറ്റായ www.keralapsc.gov.in വഴി ഒറ്റത്തവണ രജിസ്ട്രേഷൻ പ്രകാരം രജിസ്റ്റർ ചെയ്ത ശേഷമാണ് അപേക്ഷിക്കേണ്ടത്. രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികൾ അവരുടെ User ID യും Password ഉം ഉപയോഗിച്ച് login ചെയ്ത ശേഷം സ്വന്തം profile ലൂടെ അപേക്ഷിക്കേണ്ടതാണ്. ഓരോ തസ്തികയ്ക്ക് അപേക്ഷിക്കുമ്പോഴും പ്രസ്തുത തസ്തികയോടൊപ്പം കാണുന്ന Notification Link ലെ Apply now ൽ മാത്രം click ചെയ്യേണ്ടതാണ്. Upload ചെയ്യുന്ന ഫോട്ടോ 31.12.2012 ന് ശേഷം എടുത്തതായിരിക്കണം. **പുതിയതായി പ്രൊഫൈൽ ആരംഭിക്കുന്ന ഉദ്യോഗാർഥികൾ 6 മാസത്തിനുള്ളിൽ എടുത്ത ഫോട്ടോഗ്രാഫ് അപ്ലോഡ് ചെയ്യേണ്ടതാണ്.** ഫോട്ടോയുടെ താഴെ ഉദ്യോഗാർത്ഥിയുടെ പേരും, ഫോട്ടോ എടുത്ത തീയതിയും വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം. നിശ്ചിത മാനദണ്ഡങ്ങൾ പാലിച്ചു കൊണ്ട് upload ചെയ്ത ഫോട്ടോയ്ക്ക് ഫോട്ടോ എടുത്ത തീയതി മുതൽ 10 വർഷക്കാലത്തേയ്ക്ക് പ്രാബല്യമുണ്ടായിരിക്കും. ഫോട്ടോ സംബന്ധിച്ച് മറ്റ് നിബന്ധനകൾക്കൊന്നും തന്നെ മാറ്റമില്ല. അപേക്ഷാ ഫീസ് നല്കേണ്ടതില്ല. Password രഹസ്യമായി സൂക്ഷിക്കേണ്ടതും വ്യക്തിഗത വിവരങ്ങൾ ശരിയാണെന്ന് ഉറപ്പു വരുത്തേണ്ടതും ഉദ്യോഗാർത്ഥിയുടെ ചുമതലയാണ്. ഓരോ തസ്തികയ്ക്ക് അപേക്ഷിക്കുന്നതിനു മുൻപും തന്റെ പ്രൊഫൈലിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന വിവരങ്ങൾ ശരിയാണെന്ന് ഉദ്യോഗാർത്ഥി ഉറപ്പു വരുത്തേണ്ടതാണ്. കമ്മീഷനുമായുള്ള എല്ലാ കത്തിടപാടുകളിലും User ID പ്രത്യേകം രേഖപ്പെടുത്തേണ്ടതാണ്. കമ്മീഷനു മുമ്പാകെ ഒരിക്കൽ സമർപ്പിച്ചിട്ടുള്ള അപേക്ഷ സോപാധികമായി സ്വീകരിക്കപ്പെടുന്നതാണ്. അപേക്ഷാ സമർപ്പണത്തിനു ശേഷം അപേക്ഷയിൽ മാറ്റം വരുത്തുവാനോ വിവരങ്ങൾ ഒഴിവാക്കുവാനോ കഴിയുകയില്ല. **ഭാവിയിലെ ഉപയോഗത്തിനായി ഉദ്യോഗാർത്ഥികൾ ഓൺലൈൻ അപേക്ഷയുടെ soft copy/print out എടുത്ത് സൂക്ഷിക്കേണ്ടതാണ്. ഉദ്യോഗാർത്ഥികൾ അവരുടെ പ്രൊഫൈലിലെ 'My applications' എന്ന Link ൽ click ചെയ്ത് അപേക്ഷയുടെ print out എടുക്കാവുന്നതാണ്. അപേക്ഷ സംബന്ധമായി കമ്മീഷനുമായി നടത്തുന്ന കത്തിടപാടുകളിൽ അപേക്ഷയുടെ print out കൂടി സമർപ്പിക്കേണ്ടതാണ്.** തെരഞ്ഞെടുപ്പ് പ്രക്രിയയുടെ ഏതവസരത്തിലായാലും സമർപ്പിക്കപ്പെട്ട അപേക്ഷകൾ വിജ്ഞാപന വ്യവസ്ഥകൾക്ക് വിരുദ്ധമായി കാണുന്നപക്ഷം നിരുപാധികമായി നിരസിക്കുന്നതാണ്. വിദ്യാഭ്യാസ യോഗ്യത, പരിചയം, ജാതി, വയസ്സ് മുതലായവ തെളിയിക്കുന്നതിനുള്ള അസ്സൽ പ്രമാണങ്ങൾ കമ്മീഷൻ ആവശ്യപ്പെടുമ്പോൾ

ഹാജരാക്കിയാൽ മതിയാകും.

(ബി) ആധാർ കാർഡുള്ള ഉദ്യോഗാർത്ഥികൾ തങ്ങളുടെ പ്രൊഫൈലിൽ ആധാർ കാർഡ് തിരിച്ചറിയൽ രേഖയായി നൽകേണ്ടതാണ്.

9 **അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി : 18.05.2022** ബുധനാഴ്ച അർദ്ധരാത്രി 12 മണി വരെ

10 . **അപേക്ഷ സമർപ്പിക്കേണ്ട മേൽവിലാസം** : www.keralapsc.gov.in

11 പൊതുവ്യവസ്ഥകളിലെ രണ്ടും, മൂന്നും, ഇരുപത്തിഅഞ്ചും ഖണ്ഡികകളിലെ (25-ലെ റൂൾ 3(c)സംബന്ധിക്കുന്ന രണ്ടാമത്തെ ഭാഗം ഒഴികെ) ഖണ്ഡികകളിലെ വ്യവസ്ഥകൾ ഈ തെരഞ്ഞെടുപ്പിന് ബാധകമല്ല.

12 നിയമനങ്ങൾ നടത്തുന്നത് ഈ വിജ്ഞാപനം ആസ്പദമാക്കി തയ്യാറാക്കുന്ന ലിസ്റ്റിലെ റാങ്ക് അനുസരിച്ചും പട്ടികവർഗ്ഗക്കാർക്കായുള്ള പ്രത്യേക സംവരണം സംബന്ധിച്ച 13.04.1972 ലെ ജി.ഒ.(എം.എസ്.) നമ്പർ 142/72/PD, 29.11.1973 ലെ ജി.ഒ.(എം.എസ്) നമ്പർ 309/73/PD, 17.01.1976-ലെ ജി.ഒ.(പി) നമ്പർ 21/76/പി.ഡി, 22.01.1994 - ലെ ജി.ഒ.(പി) 25/94/ജി.എ.ഡി. എന്നീ സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകൾ അനുസരിച്ചും, നിയമനക്കാര്യത്തിൽ അപ്പോഴപ്പോൾ ഉണ്ടാകുന്ന പ്രത്യേക ചട്ടങ്ങൾ അനുസരിച്ചും 1958- ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളുടെ രണ്ടാം ഭാഗത്തുള്ള 3(സി), 17(എ), 17 (ബി) എന്നീ ചട്ടങ്ങൾക്ക് വിധേയമായും ആയിരിക്കുന്നതാണ്.

13 ഈ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് എഴുത്ത്/ഒ.എം.ആർ./ഓൺലൈൻ പരീക്ഷ നടത്തുകയാണെങ്കിൽ പരീക്ഷ എഴുതുമെന്ന സ്ഥിരീകരണം (Confirmation) അപേക്ഷകർ തങ്ങളുടെ ഒറ്റത്തവണ രജിസ്ട്രേഷൻ പ്രൊഫൈൽ വഴി നൽകേണ്ടതാണ്. അപ്രകാരം സ്ഥിരീകരണം നൽകുന്നവർക്ക് മാത്രം അഡ്മിഷൻ ടിക്കറ്റ് ജനറേറ്റ് ചെയ്ത് അത് ഡൗൺലോഡ് ചെയ്യുന്നതിനുള്ള സൗകര്യം പരീക്ഷാത്തീയതി വരെയുള്ള അവസാനത്തെ 15 ദിവസങ്ങളിൽ ലഭ്യമാകുന്നതാണ്. നിശ്ചിത സമയത്തിനുള്ളിൽ സ്ഥിരീകരണം നൽകാത്ത ഉദ്യോഗാർത്ഥികളുടെ അപേക്ഷകൾ നിരുപാധികം നിരസിക്കപ്പെടുന്നതാണ്. സ്ഥിരീകരണം നൽകേണ്ടതായ കാലയളവ് സംബന്ധിച്ച തീയതികളെക്കുറിച്ചും അഡ്മിഷൻ ടിക്കറ്റ് ലഭ്യമാകുന്ന തീയതി സംബന്ധിച്ചും ഉള്ള വിവരങ്ങൾ ബന്ധപ്പെട്ട പരീക്ഷ ഉൾപ്പെടുന്ന പരീക്ഷാ കലണ്ടർ പ്രസിദ്ധപ്പെടുത്തുന്നതാണ്. ഇതു സംബന്ധിച്ച അറിയിപ്പ് ഉദ്യോഗാർത്ഥികളുടെ പ്രൊഫൈലിലും അതിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മൊബൈൽ ഫോൺ നമ്പരിലും നൽകുന്നതാണ്. അഡ്മിഷൻ ടിക്കറ്റ് ഡൗൺലോഡ് ചെയ്ത ഉദ്യോഗാർത്ഥികൾക്ക് മാത്രമേ പരീക്ഷ എഴുതുന്നതിനുളള സൗകര്യം ഉണ്ടായിരിക്കുകയുള്ളൂ.

(ഫോട്ടോ, ഐ ഡി ഉൾപ്പെടെയുള്ള വിശദ വിവരങ്ങൾക്ക് പൊതു വ്യവസ്ഥകൾ നോക്കുക)

**സാജു ജോർജ്ജ്**

**സെക്രട്ടറി**

**കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ**